പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1863 — 17.06.2013 ൽ മറുപടിക്ക്

## ആന്റി പൈറസി സെൽ നടത്തിയ റെയ്ഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആന്റി പൈറസി സെൽ നടത്തിയ റെയ്ഡുകളിൽ എത്ര വ്യാജ സി.ഡി. കളാണ് പിടിച്ചെടുത്തിട്ടുള്ളത്; | (എ) | സംസ്ഥാന ആന്റിപൈറസി സെൽ 2012 ജനുവരി മുതൽ 2013 ജൂൺ 10-ാം തീയതി വരെ നടത്തിയ റെയ്ഡുകളിൽ 1,58,285 വ്യാജ സി.ഡി.കളും 410 ബ്ളൂ ഫിലിമുകളും പിടിച്ചെടുത്തിട്ടുണ്ട്. |
| (ബി) | റെയ്ഡുകളുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ കേസ്സുകൾ എടുത്തിട്ടുണ്ട്; | (ബി) | 134 പേർക്കെതിരെ കേസ്സുകൾ എടുത്തിട്ടുണ്ട്. |
| (സി) | വ്യാജ സി.ഡി. നിർമ്മാണവും വിതരണവും തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും | ഉണ്ട്. ശക്തമായ റെയ്ഡുകളിലൂടെ വ്യാജ സി.ഡി. നിർമ്മാണം നടത്തിക്കൊണ്ടിരുന്ന നിരവധിപേരെ പിടികൂടി. വ്യാജ സി.ഡി. കൾ കടത്തിക്കൊണ്ട് പോകുന്ന നിരവധി വാഹനങ്ങളേയും ആളുകളേയും പിടികൂടി. റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെ സംസ്ഥാനമൊട്ടാകെ വിപുലമായ ബോധവൽക്കരണം നടത്തി. വ്യാജ സി.ഡി.യുടെ പ്രധാന ഉറവിടങ്ങളായ ബാംഗ്ളൂർ, ചെന്നൈ എന്നിവിടങ്ങളിലെ റെയ്ഡുകൾ ശക്തമാക്കുന്നതിന് അവിടങ്ങളിലെ സിറ്റി പോലീസ് കമ്മീഷണർമാർക്ക് കത്ത് നൽകി. അപ്രകാരം ടി സ്ഥലങ്ങളിലും റെയ്ഡുകൾ ശക്തമാക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോഴും റെയ്ഡുകൾ ശക്തമായി തുടർന്നു വരുന്നു. |
| (ഡി) | ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ